<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പതിനാറാം സമ്മേളനം**</u>

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – *468 **18.11.2019- ൽ** മറുപടിയ്ക്ക്

# നോർക്ക റൂട്ട്സിന്റെ നൈപുണ്യ വികസന പരിശീലന പദ്ധതി

| <u>ചോദ്യം</u><br>ശ്രീ. കെ. ദാസൻ<br>,, സജി ചെറിയാൻ<br>,, എം. രാജഗോപാലൻ<br>,, എം. നൗഷാദ് | | <u>മറുപടി</u><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | വിദേശ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ യുവജനങ്ങൾക്കായി നോർക്ക റൂട്ട്സ് നടപ്പാക്കിവരുന്ന നൈപുണ്യ വികസന പരിശീലന പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) | വിദേശ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ യുവജനങ്ങൾക്കായി നോർക്ക റൂട്ട്സ് നടപ്പാക്കിവരുന്ന നൈപുണ്യ വികസന പരിശീലന പദ്ധതിയാണ് സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം. നിശ്ചിത സാങ്കേതിക യോഗ്യത ഉള്ളവർക്ക് ഇന്ത്യയ്ക്ക് അകത്തും പുറത്തും തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിൽ സാങ്കേതിക വിദ്യ പകർന്നു കൊടുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സർക്കാർ വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ (ITI), സർക്കാർ പോളിടെക്നിക്ക് കോളേജുകൾ, എൽ.ബി.എസ്. സെന്ററുകൾ എന്നിവ മുഖാന്തിരമാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. എന്നാൽ ഐ.റ്റി. മേഖലയിൽ, വിദേശ രാജ്യങ്ങളിൽ ഒട്ടനവധി തൊഴിൽ അവസരങ്ങൾ ഉണ്ടാകുന്നതിനാൽ, ഈ മേഖലയിൽ പരിശീലനവും പ്രാവീണ്യവും നൽകുന്നതിനും സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനു മായി കേന്ദ്ര |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തമുള്ള ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ഐ.സി.റ്റി.എ.കെ.) യുമായി ചേർന്ന് കോഴ്സുകൾ നടത്തി വരുന്നു. ഇത് കൂടാതെ പശ്ചിമേഷ്യൻ രാജ്യങ്ങളായ യു.എ.ഇ., കുവൈറ്റ്, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ (HAAD/PROMETRIC/MOH/DOH) യോഗ്യത നേടുന്നതിന്, കേരളത്തിലെ നഴ്സിങ് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിലേക്കായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ അംഗീകൃത സ്ഥാപനമായ നേഴ്സിങ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) മുഖാന്തരം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ധാരണയായിട്ടുണ്ട്. ഇതിനുള്ള തുടർ നടപടികൾ കൈക്കൊണ്ടു വരുന്നു. |
| ബി) | വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടുന്നവർ വിസ തട്ടിപ്പിനും തൊഴിൽ ചൂഷണങ്ങൾക്കും ഇരയാകുന്ന സംഭവങ്ങൾ നിരവധി ഉണ്ടാകുന്നതിനാൽ നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് എന്നിവ സംബന്ധിച്ച് ശക്തവും കാര്യക്ഷമവുമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | ബി) | നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് എന്നിവ സംബന്ധിച്ച് നോർക്ക വകുപ്പ് ശക്തവും കാര്യക്ഷമവുമായ ബോധവൽക്കരണം നടത്തിവരുന്നു. കേന്ദ്ര സർക്കാരിന്റെ വിദേശകാര്യ മന്ത്രാലയത്തിന്റെ കീഴിലുള്ള പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികളുടെ (PDOP) മാർഗരേഖ അനുസരിച്ചാണ് ബോധവൽക്കരണം നടത്തുന്നത്. പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികളുടെ (PDOP) ഭാഗമായി കേന്ദ്ര വിദേശകാര്യ മന്ത്രാലയവുമായി ചേർന്ന് 2018 ഡിസംബർ 11, 12 തീയതികളിൽ ട്രെയിനിംഗ് ഓഫ് ട്രെയിനേഴ്സ് (ToT) വർക്ക്ഷോപ്പ് തിരുവനന്തപുരത്തു വച്ച് നടത്തുകയുണ്ടായി. നിയമവിധേയമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ |

| | | | |
|---|---|---|---|
| | | | തട്ടിപ്പ്, നൈപുണ്യവികസന പദ്ധതികളെകുറിച്ചുള്ള അവബോധം സൃഷ്ടിക്കുക എന്നീ വിഷയങ്ങൾ ഈ വർക്ക്ഷോപ്പിൽ വളരെ ഫലപ്രദമായി ചർച്ച ചെയ്യുകയുണ്ടായി. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ നോർക്ക റൂട്ട്സ് മേഖലാ ഓഫീസുകളെ PDOP ട്രെയിംനിംഗ് സെന്ററുകളായി തെരഞ്ഞെടുക്കുകയും ഈ വിവരം കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ വച്ച് പരിശീലന പരിപാടികളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ നോർക്ക റൂട്ട്സിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം മുതൽ വിദേശ ഗാർഹിക തൊഴിൽ മേഖലയിൽ ജോലി ചെയ്യാൻ തൽപരരായ വനിതകൾക്കും വിദേശ രാജ്യങ്ങളിൽ ജോലി സ്വീകരിക്കുന്ന നഴ്സുമാർക്കും പ്രത്യേകം PDOP-കൾ നടത്തി വരുന്നു. നിലവിലെ ഷെഡ്യൂൾ പ്രകാരം 14 ജില്ലകളിലും പ്രസ്തുത ബോധവൽക്കരണ പരിപാടി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങൾ, എഫ്.എം. റേഡിയോ, സിനിമാ തിയേറ്ററുകൾ എന്നിവ വഴി പരസ്യങ്ങൾ നൽകുകയും ചെയ്തു വരുന്നുണ്ട്. ഇതിനായി 2019-2020 കാലയളവിൽ 1 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. തൊഴിൽ ചൂഷണങ്ങളും തട്ടിപ്പുകളും തടയാനും സുരക്ഷിതവും നിയമപരവുമായ കുടിയേറ്റം സാധ്യമാക്കുന്നതിനുമായി വിദേശകാര്യ വകുപ്പിന്റെ ഓവർസീസ് എംപ്ലോയ്മെന്റ് & പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സ് വിഭാഗവും നോർക്ക വകുപ്പും |

| | | | |
|---|---|---|---|
| | | | സംയുക്തമായി 2019 ആഗസ്റ്റ് 29-30 തീയതികളിൽ ഒരു ദ്വിദിന സെമിനാർ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പരിപാടിയിൽ പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കുവാൻ അവസരം നൽകുകയും അവയുടെ പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ വിദേശകാര്യ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. |
| സി) | പ്രവാസികളായ വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എൻ.ആർ.ഐ. സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | സി) | പ്രവാസി മലയാളി വനിതകളുടെ സുരക്ഷിതമായ കുടിയേറ്റം ഉറപ്പു വരുത്തുന്നതിനും ഗാർഹിക പീഡനം അവസാനിപ്പിക്കുന്നതിനും, പ്രവാസം സംബന്ധിച്ചുള്ള വിവരകൈമാറ്റത്തിനും പ്രവാസി വനിതകളുടെ പരാതികൾ സ്വീകരിച്ച് നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി നോർക്ക റൂട്ട്സിൽ വനിത എൻ.ആർ.കെ. സെൽ രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. പ്രവാസി വനിതകൾക്ക് നേരിട്ടോ, ഫോൺ/ഇമെയിൽ, വാട്ട്സ് ആപ്പ് മുഖേനയോ സെല്ലിന്റെ നോഡൽ ഓഫീസർക്ക് പരാതികൾ സമർപ്പിക്കാവുന്നതാണ്. |
| ഡി) | പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കാണുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായി ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി ജില്ലാ കളക്ടർ ചെയർമാനായി എല്ലാ ജില്ലകളിലും ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**